ഉത്തരം

(എ) ഫിഷറീസ് റോഡുകളുടെ ആകെ ദൈർഘ്യം 204.764 കിലോ മീറ്ററാണ്.

(ബി—ഡി) പുതിയ ഫിഷറീസ് റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശമുണ്ട്. എന്നാൽ എവിടെയെല്ലാം എത്ര കിലോമീറ്റർ റോഡുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഇ) പണത്തിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഫിഷറീസ് റോഡുകളുടെ നിർമ്മാണം

106 [294] ശ്രീ. എ. എൻ. രാജൻ ബാബു:

" കെ. കെ. ഷാജു:

" ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷക്കാലത്തിനുള്ളിൽ അനുവദിച്ചിട്ടുള്ള ഫിഷറീസ് റോഡുകളുടെ ജില്ല തിരിച്ചുള്ള പട്ടിക വെളിപ്പെടുത്തുമോ;

(ബി) നിർമ്മിക്കാൻ ഭരണാനുമതി ലഭ്യമായിട്ടുള്ള ഫിഷറീസ് റോഡുകളുടെ പട്ടിക വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ഫിഷറീസ് റോഡുകളുടെ നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) I. തിരുവനന്തപുരം ജില്ല:

1. ചിലക്കൂർ വള്ളക്കടവ് റോഡ്—10 ലക്ഷം
2. പുന്തുറ ബസ് സ്റ്റാന്റ് റോഡ്—12.8 ലക്ഷം
3. തുമ്പവിള കോൺവെന്റ് കരിമ്പള്ളിക്കര റോഡ്—6.6 ലക്ഷം
4. അരിയിട്ടകുന്ന് ഓരൻതാഴം റോഡ്—12 ലക്ഷം
5. മീരാൻകടവ് പുത്തൻനട റോഡ്—7.50 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly